بســم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 04/12/2015

**(20 SAFAR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## TV'S HARMFUL EFFECT / ടി.വി.യുടെ ദുഃസ്വാധീനം

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം, ടി.വി.യുടെ ദുഃസ്വാധീനം എന്ന വിഷയത്തിലുള്ള തന്റെ പ്രസംഗത്തിലേക്ക് പ്രവേശിച്ചു.

ഇന്നത്തെ എന്റെ പ്രസംഗ വിഷയം ടെലിവിഷന്റെ ദുഃസ്വാധീനം എന്നതാകുന്നു. ടി.വി. നമുക്ക് അല്ലാഹുവിൽ നിന്നുള്ള ഒരനുഗ്രഹം തന്നെയാണ്. അല്ലാഹുവിൽ നിന്ന് മനുഷ്യന് നൽകുന്ന എല്ലാ നല്ല അനുഗ്രഹങ്ങളെയും, നാം ശ്രദ്ധിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാകും, അൽപ്പാൽപമായി ശൈത്താൻ അതിൽ കടന്നുകൂടുകയും, അവന്റെ സ്വാധീനം അതിൽ സ്ഥാപിക്കുകയും, അല്ലാഹു നമുക്ക് ഉണ്ടാകണമെന്ന് ആഗ്രഹിച്ച അനുഗ്രഹത്തെ, അവൻ നശിപ്പിക്കുകയും ചെയ്യുന്നു. വിശിഷ്യാ കഴിഞ്ഞ നൂറ്റാണ്ടിലും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നൂറ്റാണ്ടിലും, ടി.വിയുടെ വരവോടെ സംഭവിച്ചതതാണ്! ടെലിവിഷൻ ദർശകർക്ക്, വളരെ ഗുണപ്രദമായ പലപരിപാടികളും അവർ ആവിഷ്ക്കരിച്ചിട്ടുണ്ട്.; വാർത്തകൾ, രേഖാ ചിത്രീകരണങ്ങൾ, വിദ്യാഭ്യാസ പരിപാടികൾ അങ്ങനെ പലതും. അവനമുക്ക് അറിവു നൽകുന്ന പരിപാടികൾ തന്നെയാണ്.

ഇപ്പോൾ ടെലിവിഷനിലൂടെ ലഭ്യമായിക്കൊണ്ടിരുന്ന എല്ലാ സ്വാധീന ആകർഷണങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. വിശിഷ്യാ യുവജനങ്ങൾക്കിടയിൽ! ഇന്ന് നമുക്ക് ലഭ്യമാകുന്ന ടെലിവിഷൻ ചാനലുകളുടെ നിരകളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നവരാണോ ? മൗറീഷ്യസിൽ ഒരേയൊരു ടെലിവിഷൻ ചാനൽ ഉണ്ടായിരുന്ന കാലത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്; അന്ന് അതിൽ വളരെ രസകരങ്ങളായ അനേകം പരിപാടികളുണ്ടായിരുന്നു. വിദ്യാഭ്യാസ സംബന്ധിയായവ (രേഖാചിത്രീകരണം പോലുള്ളത്) അത് ഏകദേശം വൈകിട്ട് 3 മണിയോടു കൂടി ആരംഭിക്കുകയും രാത്രി 10 മണിയോടെ അവസാനിക്കുകയും ചെയ്തിരുന്നു. ടെലിവിഷനു മുമ്പുണ്ടായിരുന്ന റേഡിയോയും ഏതാണ്ട് ഇതുപോലെ തന്നെയായിരുന്നു. വർഷങ്ങൾക്ക് ശേഷം ഒരു ചാനൽകൂടി തുറന്നു. നാഷണൽ ടെലിവിഷൻ ചാനലുകൾക്കൊപ്പം ഇന്ന് അനേകം ടി.വി. ചാനലുകൾ പ്രവർത്തിക്കുന്നു. ഇന്ന് CANAL പോലെയുള്ള ടെലിവിഷൻ സ്റ്റേഷൻസ് പുതിയ പരിപാടികളും ചാനലുകളും സമർപ്പിക്കുന്നു. അതുപോലെ MY. T സ്റ്റേഷനും വിവിധങ്ങളായ പുതിയ ചാനലുകൾ സമർപ്പിക്കുന്നു. ഈയിടെ MY.T പരസ്യത്തിലൂടെ, അവരുടെ പ്രേക്ഷകർക്ക് സൗജന്യമായി 3 മാസം MY.T കാണാനുള്ള അവസരം ഒരുക്കിയിരിക്കുന്നു. (73ൽ കൂടുതൽ ചാനലുകൾ) പണംകൊടുത്ത് കാണേണ്ട ഈ ചാനലുകളിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുവാൻ ഇത് സഹായിക്കുമെന്ന് അവർ കരുതുന്നു. അങ്ങനെ വരിക്കാരെ കൂട്ടുവാനുള്ള ഒരു തന്ത്രം കൂടിയാണിത്. എല്ലാ ഹിന്ദി സീരിയലുകളും മറ്റ് സീരിയലുകളും ഒന്നിനു പുറകെ മറ്റൊന്നായി പ്രദർശിപ്പിക്കുമെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. ഇപ്പോൾ രാവിലെയും വൈകുന്നേരവും ജനങ്ങളെല്ലാം ടെലിവിഷന്റെ മുൻപിൽ തന്നെ. കഴിഞ്ഞ ദിവസങ്ങളിൽ ഒരാൾക്ക് കാണാൻ കഴിയാതെ പോയ പരിപാടികളും സിനിമകളും കാണുവാനുള്ള ഓപ്ഷനും ഇപ്പോൾ ലഭ്യമാണ്.

ആയതിനാൽ, വിശ്വാസികൾ ടെലിവിഷന്റെ ദുസ്വാധീനത്തെക്കുറിച്ച് വളരെയധികം ചിന്തിക്കേണ്ടതുണ്ട്. ഇക്കാലത്ത് ഒരു വീട്ടിലെ ടിവി, ആ വീട്ടിലെ ആളുകളുടെ, അപകടകാരിയായി ശത്രുവായി മാറിയിരിക്കുകയാണ്. നിങ്ങളുടെ വിശ്വാസത്തെ നശിപ്പിക്കുന്ന ശത്രുവായി മാറിയിരിക്കുന്നു. നിങ്ങളുടെ സമയത്തേയും ധനത്തേയും അത് നഷ്ടപ്പെടുത്തുന്നു. വൃത്തികെട്ട ഇത്തരം ചാനലുകളുടെ വരിക്കാരായി മാറുന്നതിലൂടെ നിങ്ങളുടെ ആത്മീയത നഷ്ടപ്പെടുന്നു. അതേ സമയം ഈ അധാർമ്മിക സിനിമകളിലെ ദുഃസ്വാധീനത്തിൽ പങ്കുകൊള്ളാൻ നിങ്ങളുടെ ഭാര്യമാരേയും സന്താനങ്ങളേയും നിങ്ങൾ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ അവരും ഈ ദുഃസ്വാധീന വലയത്തിൽ അകപ്പെടുന്നു. നിങ്ങളുടെ ഭാര്യമാരും കുട്ടികളും ഇത്തരം അധാർമ്മിക പരിപാടികളിലും ഫിലിമുകളിലും ബന്ധപ്പെടുമ്പോൾ അവയിൽ നിന്നും മോശമായ സ്വാധീനത്തിൽ അകപ്പെടുകയും ഒടുവിൽ അത് നിങ്ങളുടെ മാന്യത കളങ്കപ്പെടുത്തുകയും പിന്നീട് മുഴുവൻ കുടുംബവും അതിൽ അകപ്പെട്ടു പോകുകയും ചെയ്യുന്നു. നിങ്ങൾ അറിയണം! നിങ്ങൾ മോശമായ കാര്യത്തിൽ ചെന്നു ചാടുമ്പോൾ, അതുകൊണ്ട് അർത്ഥമാക്കുന്നത്, നിങ്ങൾക്ക് ലഭിക്കേണ്ട നന്മയെ നഷ്ടപ്പെടുത്തുകയാണ്. ഇക്കാലത്ത് വളരെയധികം മുസ്ലീങ്ങൾ പ്രാർത്ഥനസമയത്തെക്കുറിച്ച് ഗൗനിക്കുന്നതേയില്ല. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിൽ സമയം കണ്ടെത്തുന്നില്ല; ദൈവ സ്മരണയിൽ ഏർപ്പെടുന്നില്ല. മാത്രമല്ല അവരുടെ നല്ല രീതികളെല്ലാം അവരിൽ നിന്ന് കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. പകരം സിനിമകളിൽ കാണുന്നത് അനുകരിച്ചുകൊണ്ടിരിക്കുന്നു.

ഈ ലോകം ഏത് ദിശയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഓരോ കുടുംബനാഥനും ബോധവാനായിരിക്കണം. ടെലിവിഷന്റെ ദുഃസ്വാധീനം മൂലം, ജനങ്ങൾക്ക് മോശമായ ആശയങ്ങൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. തന്റെ അയൽവാസിയെ എങ്ങനെ ഉപദ്രവിക്കാം, തന്റെ സഹജീവിയെ എങ്ങനെ പീഢിപ്പിക്കാം , എങ്ങനെ കുറ്റങ്ങൾ ചെയ്യാം, ജനങ്ങളെ എങ്ങനെ കൊള്ളയടിക്കാം, എങ്ങനെ അവരെ മയക്കുമരുന്നിനു അടിമയാക്കാം. ഏതു രീതിയിൽ പുകവലിക്കാം, പ്രത്യേക സ്റ്റൈലിൽ പുകവലിക്കുക) എങ്ങനെ മദ്യപാനം നടത്താം, എങ്ങനെ ചൂത് കളിക്കാം. ഈ ഉപകരണം നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും അപകടങ്ങൾ പ്രതിനിധാനം ചെയ്യുന്നുവെങ്കിലും നിങ്ങൾ ധൈര്യത്തോട് ഇതിനെ നിങ്ങളുടെ വീട്ടിൽ എങ്ങനെ സഹിക്കുന്നു. ? നിങ്ങൾ മനസ്സിലാക്കണം ടെലിവിഷൻ സെറ്റ് നിങ്ങളുടെ വീട്ടിൽ സൂക്ഷിക്കുന്നുവെങ്കിൽ, അതിൽ നിന്നുള്ള നല്ലതുമാത്രം സ്വീകരിക്കുക, നിങ്ങളേയും നിങ്ങളുടെ കുടുംബത്തേയും അധാർമ്മികതയിലേക്ക് നയിക്കുന്ന യാതൊന്നും അതിൽ നിന്നും സ്വീകരിക്കരുത്. ഈ ലോകത്ത്, അല്ലാഹുവും അവന്റെ ദൂതനും വഴികാണിച്ച പാതയിൽ നിന്നും തെറ്റിപ്പോകുന്ന യാതൊന്നും അതിൽ നിന്നും സ്വീകരിക്കരുത്. ഒരു യഥാർത്ഥ മുസ്ലീം വിശ്വാസി തനിക്ക് നന്മകൊണ്ടു വരുന്ന കാര്യങ്ങൾ എന്താണെന്നും തിന്മകൊണ്ടുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും തിരിച്ചറിഞ്ഞിരിക്കണം. ഈലോകത്തും നാളെ പരലോകത്തും നാശം വിതയ്ക്കുന്ന യാതൊന്നും ഒരു മുസ്ലീം വിശ്വാസി ചെയ്യുവാൻ പാടില്ല. ദൗർഭാഗ്യവശാൽ ഇങ്ങനെയല്ല കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

സത്യനിഷേധികൾക്ക് അല്ലാഹുവിനോടും അവന്റെ ദൂതനോടും വെറുപ്പാണ്. അവർ ഇസ്ലാമിനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, അല്ലാഹു (ത) മുസ്ലീങ്ങളോട് കൽപ്പിച്ചിരിക്കുന്നു. സത്യ നിഷേധികളോട് നിങ്ങളും താൽപ്പര്യമില്ലായ്മ കാണിക്കുക. ടെലിവിഷനെ സംബന്ധിച്ച് പറഞ്ഞാൽ ഇസ്ലാമിന്റെ ശത്രുക്കളോട് നിങ്ങൾക്ക് ഉണ്ടായിരിക്കേണ്ട അസ്വാരസ്യം ഇല്ലാതാക്കുന്നു. പകരം നിങ്ങളും നിങ്ങളുടെ ഭാര്യമാരും മക്കളും അവരോടുള്ള സ്നേഹം വർധിതമാക്കുകപോലും ചെയ്യുന്നു. നിങ്ങളുടെ ഇഷ്ടതാരം ഹിന്ദുവാകാം, ക്രിസ്ത്യാനിയാകാം, ജൂതനാകാം ! അത് സ്ത്രീയുമാകാം പുരുഷനുമാകാം ഒരു പക്ഷേ നിങ്ങൾ അവരുടെ ഫോട്ടോകൾ നിങ്ങളുടെ മുറികളിൽ സൂക്ഷിക്കുകപോലും ചെയ്യുന്നുണ്ടാവും; ചിലപ്പോൾ അവർ നിരീശ്വരവാദികൾ പോലുമാകാം. ഈ എല്ലാ നിഷേധികളും ആശയാധിഷ്ഠിതമായി അധാർമ്മികതയിലുള്ളവരായിരിക്കണമെന്നില്ല; എന്നാൽ അവരുടെ ജീവിതം ധാർമ്മികതയിലുള്ളതല്ല. അല്ലാഹു (ത) മോശമായി പറഞ്ഞ പാതയിലുള്ള ഒരു ജീവിതമാണവർ നയിക്കുന്നത്. ഈ കാര്യങ്ങളൊക്കെ ഈ ഖുത്തുബ

യിൽ ഞാൻ വിവരിക്കുകയാണെങ്കിൽ സമയം അതിക്രമിച്ചുപോകും. ആയതിനാൽ അതിനിപ്പോൾ മുതിരുന്നില്ല.

**മുസ്ലീം നാമധാരികൾ അകപ്പെട്ട ചെളിക്കുഴികൾ** : –

അതുകൊണ്ട് ഇത്തരം അഭിനേതാക്കളുടെ അഭിനയങ്ങൾ കാണുന്ന നിങ്ങൾ മനസ്സിലാക്കുക ഇത് നിങ്ങളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കും, എന്ന തിരിച്ചറിവ് നിങ്ങളുടെ ബാധ്യതയാണ്. ക്രമേണ നിങ്ങളുടെ തന്നെ മുസ്ലീം സഹോദരങ്ങളുടെ നേരെ ശത്രുതയും, അസ്വാരസ്യവും വളർത്തുവാൻ ഇത് ഇടയാക്കുന്നതാണ്, നിങ്ങൾ അവനെ ഒരു കാഫിർ എന്ന നിലയിൽകാണാൻ പോലും ഇടയാക്കും, അവനോട് സലാം പറയാൻ പോലും അറയ്ക്കുന്ന അവസ്ഥയിലെത്തിക്കും. ഒരു ഗ്ലാസ് വെള്ളം കൊടുക്കാൻ പോലും വിമുഖത കാട്ടിയേക്കാം. എന്നാൽ ആ സഹോദരൻ ഒരു നല്ല മുസ്ലീമാണുതാനും. അവൻ അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കുന്നതിൽ കൂടുതൽ ചേർന്നു നിൽക്കുന്നവനുമായിരിക്കാം. നമ്മുടെ പ്രിയപ്രവാചകൻ (സ) യുടെ അധ്യാപനങ്ങളുമായി കൂടുതൽ അടുപ്പവുമുണ്ടായിരിക്കും. ഇത്തരം ഒരു സഹോദരനെ, നിങ്ങൾ അവനെ നിങ്ങളുടെ ശത്രുവായി കാണുന്നു. എന്നാൽ യഥാർത്ഥ ശത്രു, ഇസ്ലാമിനെ നശിപ്പിക്കുവാൻ ശ്രമിക്കുന്നവനെ, അവൻ നമ്മുടെ പ്രിയപ്രവാചകൻ (സ) നെ ഹാസ്യചിത്രത്തിന് പാത്രമാക്കുന്നു, അവനെ അവന്റെ നൃത്തത്തിലും പാട്ടിലും നിങ്ങൾ അവനെ അഭിനന്ദിക്കുന്നു, നിങ്ങൾ സന്തോഷവാനാകുന്നു, നിങ്ങൾ അവനെ അനുകരിക്കുവാനും തയ്യാറാകുന്നു! അവനെപ്പോലെ അഭിനയിക്കുന്നു.

**ടി.വി. യുടെ ദുഃസ്വാധീനത്തിൽ മുസ്ലീം പെൺകുട്ടികൾ** : –

ടി.വി.യുടെ ദുഃസ്വാധീനത്തിൽ മുസ്ലീം പെൺകുട്ടികളെ ഒന്നു വിലയിരുത്തുക. ഇത്തരം യൂറോപ്യൻ, ഹിന്ദി ഫിലിമുകൾ കാണുന്ന സ്വഭാവം ക്രമേണ മുസ്ലീം പെൺകുട്ടികൾ വളർത്തിയെടുക്കുന്നു. അതിലെ പുരുഷ അഭിനേതാക്കളെയും, കണ്ടുകൊണ്ടിരിക്കുക എന്നത് രസകരമായി അനുഭവപ്പെടുന്നു. അങ്ങനെ അവരുടെ മനസ്സുകൾ അത്തരം ഒരു സാഹചര്യത്തിലേക്ക് വഴുതി വീഴുന്നു. അങ്ങനെ ഹിന്ദു യുവാക്കളോടൊപ്പം ഒളിച്ചോടി പോകുന്നതിലേക്ക് കൊണ്ടെത്തിക്കുന്നു. അത് വിവാഹ വാഗ്ദാനങ്ങളിലും ചുറ്റി കറങ്ങലിലും കൊണ്ടെത്തിക്കുന്നു. അഥവാ യൂറോപ്യൻസ് ചർച്ചുകളിൽ വച്ച് വിവാഹം കഴിക്കുന്നു; അങ്ങനെ അവരുടെ മതത്തെ ; ഇസ്ലാമിനെ അവർ പാടെ ഉപേക്ഷിക്കുന്നു. മാത്രമല്ല നിങ്ങളുടെ കുട്ടി മറ്റു കുട്ടികളുമായി കളിക്കുമ്പോൾ, അവൻ പറയുന്നു ഞാൻ രംബോ ആകുന്നു. അഥവാ സ്പൈഡർമാൻ ആകുന്നു. അഥവാ മറ്റേതെങ്കിലും ഒരു അഭിനേതാവാകുന്നു. കുട്ടിക്ക് തന്റെ ഇഷ്ട താരത്തിന്റെ ജീവിതം കാണാതെ അറിയാം. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് ? ഇതൊക്കെ ടി.വി. അവനിൽ / അവളിൽ ചെലുത്തിയ സ്വാധീനം കൊണ്ടാണ്. അവന്റെ / അവളുടെ സമയം ടി.വി.യുടെ മുമ്പിൽ നഷ്ടപ്പെടുത്തി കളഞ്ഞു. എല്ലാത്തരം സിനിമകളും കാണുകയായിരുന്നു. അവന്റെ ഇളം പ്രായത്തിൽ തന്റെ ഇഷ്ടതാരത്തിന്റെ / ഗായകന്റെ പാട്ടുകൾ അവൻ ആലപിക്കുന്നു. തന്റെ ഇഷ്ടതാരം നൃത്തം ചെയ്യുന്നതുപോലെ അവനും നൃത്തം ചെയ്യുവാൻ ഇഷ്ടപ്പെടുന്നു. ചിലപ്പോൾ, അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പേരുകളും ചില പാട്ടുകളിൽ ഒരാൾക്ക് കേൾക്കുവാൻ സാധിച്ചെന്ന് വരും. സിനിമകളിൽ പോലും, കലാകാരന്മാർ അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ സൂചിപ്പിച്ചെന്ന് വരാം. അഥവാ ഇസ്ലാമിക വിശ്വാസം പ്രകടമാക്കിയെന്ന് വരാം. അല്ലാഹുവിന്റെ ഏകത്വത്തെ പ്രകീർത്തിച്ചെന്നും വരാം. മുസ്ലീംങ്ങളെന്നു പറയപ്പെടുന്ന ഇത്തരം അനേകരെ നമുക്ക് കാണുവാൻ കഴിയും, അവരതിൽ ആകൃഷ്ടരാകുന്നു. ഇത്തരം പാട്ടുകൾ വളരെ വലിയ നേട്ടങ്ങളായി അവർ കരുതുകയും ചെയ്യുന്നു.

**ദീനീ അറിവ് തകിടം മറിയുന്നു** : –

പരാമർശമായ ഒരു കുട്ടിയുടെ ദീനി അറിവ് പരിശോധന വിധേയമാക്കിയാൽ, ഉദാഹരണമായി പ്രവാചകൻ

(സ) യുടെ ജീവിതവുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ ചോദിച്ചാൽ, അഥവാ ഖുലഫാഉർ റാശിദീങ്ങളുടെ ജീവിതത്തെക്കുറിച്ച് ചോദിച്ചാൽ, അഥവാ സഹാബാക്കളുടെ ചരിത്രം ചോദിച്ചാൽ, അവന് ഉത്തരം പറയുവാൻ കഴിയുകയില്ല. അവന്റെ ഹൃദയം തന്റെ ഇഷ്ട അഭിനേതാവ് / അഭിനേത്രിയുമായി അത്രയധികം അടുത്തു നിൽക്കുകയാണ്. അവന്റെ കയ്യിൽ അവരുടെ ഫോട്ടോ വരെ ഉണ്ടാകും. ഇത്തരം കുട്ടികളോട് നമസ്ക്കാരത്തിൽ ചൊല്ലേണ്ട കാര്യങ്ങൾ കാണാതെ പറയുക എന്നു പറഞ്ഞാൽ അവനൊന്നും പറയുവാൻ അറിയില്ല! ഇത് വളരെ വളരെ ദൗർഭാഗ്യകരം തന്നെ ! 18 വയസുള്ള ഒരു യുവാവിനോട് ഞാൻ ബാങ്ക് വിളിക്കാൻ പറഞ്ഞപ്പോൾ അവന് അതുസംബന്ധമായി ഒന്നുമറിയില്ല. ഇത് എന്റെ വ്യക്തിപരമായ അനുഭവമാണ്. വുസൂഅ് സംബന്ധമായ ചോദ്യത്തിനും അതേ ഉത്തരമാണ് ലഭിച്ചത്. എന്നാൽ അവന്റെ മുറിയിൽ ഒരു വലിയ ടി.വി. സ്ക്രീൻ ഉണ്ടായിരുന്നു. തന്റെ ഇഷ്ട നായകന്റെ എല്ലാ സിനിമകളും കാണത്തക്ക നിലയിൽ !

യാ അല്ലാഹ് ! ഇസ്ലാമിലെ യുവാക്കൾ ഏത് പാതയിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് ? മുസ്ലീം പള്ളികളിലേക്ക് മുസ്ലീം യുവാക്കളെയും യുവതികളെയും കൊണ്ടു വരുന്നതിന് മുല്ലാക്കളും പള്ളി ഭരണാധികാരികളും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? യഥാർത്ഥ സന്ദേശം നിറവേറ്റുന്നതിനു പകരം ഈ മുല്ലാക്കൾ തങ്ങളുടെ പ്രതാപം കാണിക്കുവാൻ പരസ്പരം പോരടിക്കുകയാണ്. അല്ലാഹുവിന്റെ തൃപ്തിക്കായി ചെയ്യേണ്ട എല്ലാ ദീനി പ്രവർത്തനങ്ങളും അവർ പണം നേടാനുള്ള മാർഗ്ഗമായി കണ്ടിരിക്കുന്നു. നിക്കാഹ് കർമ്മം നടത്തുന്നതിനും, ഖുർ ആൻ പാരായണം ചെയ്യുന്നതിനും, മയ്യത്ത് സംസ്കരണ നടപടികൾക്കും മറ്റും അവർ പണം വാങ്ങുന്നു. അങ്ങനെ ദീനിൽ ഇസ്ലാമിൽ ബിദ്അത്തുകളുടെ ഒരു നിരതന്നെ അവർ കെട്ടിപ്പടുത്തു. ഇത് തികച്ചും അവരുടെ വ്യക്തിതാൽപര്യങ്ങൾക്കുവേണ്ടിയുള്ളതാണ്. മുസ്ലീങ്ങളിൽ ബഹുഭൂരിഭാഗവും അവർക്ക് അനർഹമായ പ്രാധാന്യം നൽകുകയാണ്.

അല്ലാഹു (ത) സമ്പൂർണ്ണമാക്കിയ മതമാണ് ഇസ്ലാം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ആണ് ജീവിതത്തിലെ ഓരോ ഘട്ടത്തിലെയും നമ്മുടെ പരിപൂർണ്ണ മാതൃക പുരുഷൻ. നമ്മുടെ ബാഹ്യവും ആന്തരികവുമായ മാതൃക പുരുഷനാണ് അദ്ദേഹം. ടെലിവിഷന്റെ കാര്യത്തെപ്പറ്റി പറഞ്ഞാൽ, പരിശുദ്ധ പ്രവാചകൻ (സ) തന്റെ സമുദായത്തിനായി കൊണ്ടുവന്ന യഥാർത്ഥ ജീവിതമാതൃകയ്ക്ക് അടിത്തറ തോണ്ടുന്നതാണ്. ഇത് നമ്മെ നടീനടന്മാരുടെ മാതൃക പിന്തുടരുവാൻ പ്രേരിപ്പിക്കുന്നു. ടെലിവിഷൻ ചാനലുകൾ 100 കണക്കിനു ആളുകളിൽ, നമ്മുടെ മുഹമ്മദ് (സ) യുടെ പരിശുദ്ധ ജീവിത മാതൃകയോട് വെറുപ്പ് സൃഷ്ടിക്കുവാൻ കഴിയുന്നതാണ്. എന്ന് പറഞ്ഞാൽ അത് ഒരു അതിശയോക്തിയൊന്നുമല്ല.

മുസ്ലീം യുവ നിരയിലെ ആൺകുട്ടികളിലേയും പെൺകുട്ടികളിലേയും നിലവിലുള്ള വസ്ത്ര ധാരണ മനോഭാവത്തിലേക്ക് നോക്കൂ.സിനിമയിൽ / ടെലിവിഷൻ സ്ക്രീനിൽ ഒരു പുതിയ വസ്ത്രധാരണ രീതി പ്രത്യക്ഷമായാൽ അടുത്തദിവസം അവർ അത് അനുകരിച്ചിരിക്കും. ഏറ്റവും നൂതനമായ ഫാഷൻ സമ്പൂർണ്ണമായും അപഹാസ്യമാണ്. അഥവാ അന്തസില്ലാത്തതാണ്. എന്നിരുന്നാലും അത് അനുകരിക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. ആഷിഖി സ്റ്റൈൽ വസ്ത്രധാരണം ദിൽ പാഗൽ ഹൈ' മുടികൾ എല്ലാ നിലയിലും അപഹാസ്യമായ നിലയിൽ, മീശ താടി വരെ വയ്ക്കുക, നഖങ്ങൾ, ഇരപിടിക്കുന്ന ജന്തുക്കളുടെ കാൽനഖം പോലെ വളർത്തുക, കഴുത്തിലെ മാല ബാറക്കുട പോലെ, തലമുടി കന്യക മറിയത്തിന്റെ പോലെ, തലയുടെ രണ്ട് ഭാഗവും ഷേവ് ചെയ്ത് ബാക്കി ഭാഗം വിടുക. അപ്പോൾ മുടി ഒരു മരപ്പന്തുപോലെയിരിക്കും. ഈ അപഹാസ്യമായ സ്റ്റൈലുകൾ അവർ പിൻപറ്റുകയും, പ്രാവർത്തികമാക്കുകയും ചെയ്യുന്നു. ഇതിനായി വളരെയധികം പണവും അവർ ചെലവഴിക്കേണ്ടതുണ്ട്. അവരുടെ ആരാധനാ പാത്രങ്ങളെ അനുകരിക്കുവാൻ ഒരു മടിയുമില്ലാതെ അവർ ധനം ചിലവഴിക്കുന്നു. ഇത് ശിർക്ക് ആകുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾക്കവൻ നൽകിയതിൽ നിന്നും നിങ്ങൾ ചിലവഴിക്കുക എന്ന് ഇത്തരം ആളുകളോട് പറഞ്ഞാൽ, അവർ തത്ക്ഷണം പറയും, അവർ പാപ്പരായവരാണ്, പണം എവിടെ നിന്നു കിട്ടുമെന്ന് അറിയില്ല! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിനെ അവർ നിരസിക്കുന്നു. അല്ലാഹു നമ്മോട് കൽപ്പിച്ച ജോലി

കൾക്കായി ചിലവഴിക്കുവാൻ അവരെ ക്ഷണിക്കുമ്പോൾ അവരത് പരിഗണിക്കുന്നില്ല. അല്ലാഹുവിന്റെ മുമ്പിൽ അവരുടെ വിധി എന്തായിരിക്കും ? അവരെ അവൻ തന്റെ മുമ്പിൽ ഹാജരാക്കുന്ന ദിനത്തിൽ ! വിശ്വാസ സംരക്ഷണത്തിനായി, വിനയാന്വിതനായി തന്റെ താടി വളർത്തിയ യുവാവായ വിശ്വാസി എവിടെയായിരിക്കും ? അവനോ പരിശുദ്ധ പ്രവാചകൻ (സ) യുടെ അനുയായിആയിരുന്നതാനും !വിശുദ്ധ ഖുർആനിൽ നിഷ്കർഷിച്ചതുനസരിച്ച് അല്ലാഹുവിന്റെ നിയമങ്ങൾക്കനുസൃതമായി, വിശ്വാസിനിയായ പർദ ധരിച്ച സ്ത്രീ അഥവാ യുവതി എവിടെയായിരിക്കും ? അവളോ തന്റെ സൗന്ദര്യം തന്റെ ഭർത്താവിനുവേണ്ടി മാത്രം കരുതിവെച്ചിരുന്നതുമാണ്.

അതുകൊണ്ട്, ഇസ്ലാം ആദരണീയമായ ഒരു മതമാണ്. മാന്യമായ നിലയിൽ ശരീരം മറയ്ക്കുവാൻ അത് കൽപിക്കുന്നു. അങ്ങനെയായാൽ മറ്റ് ജനങ്ങൾ നമ്മെ ആദരിക്കും. ആയതിനാൽ, ടി.വി.കൊണ്ടുവരുന്ന ദുഃസ്വാധീനത്തെക്കുറിച്ച് അപഗ്രഥിക്കുക, അവയുടെ ചാനലുകളിലൂടെയും മോശം സിനിമകളിലൂടെയും ! അവയുടെ പ്രതികൂല ഭാഗങ്ങളും നാം വിലയിരുത്തേണ്ടതുണ്ട്. അവ നമ്മെ എങ്ങോട്ടാണ് നയിക്കുന്നത് ? നാം മാത്രമല്ല നമ്മുടെ ഭാര്യമാരും കുട്ടികളും എല്ലാവരെയും ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ നിന്നും വിദൂരതയിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതാണ്. ഇൻശാ അല്ലാഹ് !


**Translated & Issued By**

**R. Jamaludin Raother**
**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*